# പതിമൂന്നാം കേരള നിയമസഭ

## ഏഴാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1117. 08.02.2013 – ലെ മറുപടിക്ക്.**

## ഹയർസെക്കണ്ടറി സ്കൂളുകൾക്ക് അടിസ്ഥാന സൗകര്യം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഇ. ചന്ദ്രശേഖരൻ | | ശ്രീ. പി. കെ. അബ്ദുറബ്ബ്.<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) | |
| (എ) | പരിമിത സൗകര്യങ്ങളുള്ള ഹൈസ്കൂളുകളിൽ ഹയർസെക്കണ്ടറി അനുവദിച്ചപ്പോൾ ഭൗതിക ചുറ്റുപാടുകളിൽ മാറ്റം വരുത്താത്തത് പ്രസ്തുത സ്കൂളു കളിലെ വിദ്യാർത്ഥികളേയും അധ്യാപകരേയും ദോഷകരമായി ബാധിച്ചിരിക്കുന്നത് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ ; എങ്കിൽ വ്യക്തമാക്കുമോ ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സംസ്ഥാനത്തെ ഹൈസ്കൂൾ അപ്ഗ്രേഡ് ചെയ്താണ് ഹയർസെക്കന്ററി സ്കൂളുകളായി മാറ്റുന്നത്. എന്നാൽ ഹയർസെക്കന്ററി സ്കൂളുകളായി ഉയർത്തപ്പെടുമ്പോൾ ഭൗതിക ചുറ്റുപാടുകളിൽ മാറ്റം വരുത്തുന്നില്ല. ഹൈസ്കൂൾ വിഭാഗത്തിന് മാത്രമായി ഉണ്ടായിരുന്ന ക്ലാസ്സ് മുറികളും മറ്റും ഹയർസെക്കന്ററി വിഭാഗത്തിനും കൂടി പലപ്പോഴും ഉപയോഗിക്കേണ്ടിവരുന്നു. ഇത്‌വിദ്യാർത്ഥികൾക്കും അദ്ധ്യാപകർക്കും ബുദ്ധിമുട്ടുണ്ടാക്കുന്നുണ്ട്.<br><br>സംസ്ഥാനത്തെ ഹയർസെക്കന്ററി സ്കൂളുകളുടെ അടിസ്ഥാനസൗകര്യവികസനം ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെയാണ് |

ഏൽപ്പിച്ചിട്ടുള്ളത്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ അവരുടെ പദ്ധതി വിഹിതത്തിൽ നിന്നും ഹയർസെക്കന്ററി സ്കൂളുകളുടെ അടിസ്ഥാനസൗകര്യ വികസനത്തിന് ഫണ്ട് അനുവദിക്കുന്നുണ്ട്. എന്നാൽ പര്യാപ്തമായ തോതിൽ ഫണ്ട് അനുവദിക്കുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും കഴിയുന്നില്ല.

(ബി) വൊക്കേഷണൽ ഹയർസെക്കണ്ടറി, ഹയർസെക്കറണ്ടി വിഭാഗങ്ങൾക്ക് കെട്ടിട നിർമ്മാണം, ലബോറട്ടറി നിർമ്മാണം , ലൈബ്രറി, കളി സ്ഥലം എന്നിവയുടെ നിർമ്മാണം എന്നിവയ്ക്ക് ബഡ്ജറ്റ് വിഹിതമായി നടപ്പു സാമ്പത്തിക വർഷം എന്തുതുക നീക്കിവച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

(ബി) ഹയർസെക്കന്ററി വിദ്യാഭ്യാസ വകുപ്പിന് അടിസ്ഥാന സൗകര്യ വികസനത്തിനായി 2012-2013 സാമ്പത്തിക വർഷത്തിൽ 4 ഹെഡ് ഓഫ് അക്കൗണ്ടുകളിലായി 5100 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**